കേരള സർക്കാർ
സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ് - 16/11/2002-ന് മുമ്പ് നിയമനം നേടി കെ.ഇ.ആർ. അദ്ധ്യായം XIV A യിലെ ചട്ടം 51 എ അവകാശം ലഭിച്ച, എച്ച്.എസ്.എ. കോർ സബ്ജക്ട് അദ്ധ്യാപകർക്ക് നിയമനാംഗീകാരം നൽകാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ജെ)വകുപ്പ്

ജി.ഒ..(എം.എസ്.)നം.**132/09/പൊ.വി.വ.** തീയതി, തിരുവനന്തപുരം, **17/06/2009**

പരാമർശം: 7/1/2002 ലെ ജി.ഒ.(എം.എസ്) 11/02/പൊ.വി.വ.

## ഉത്തരവ്

2001-2002 അദ്ധ്യയന വർഷംവരെ ഹൈസ്കൂളുകളിൽ എച്ച്.എസ്.എ. തസ്തികകൾ 1:1:1 (ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം) എന്ന അനുപാതത്തിലാണ് അനുവദിച്ചുവന്നിരുന്നത്. ഹിന്ദി, മലയാളം തുടങ്ങിയ ഭാഷകൾ കൈകാര്യം ചെയ്യാൻ പ്രത്യേക അധ്യാപകരെ നിയമിച്ചിരുന്നു. എന്നാൽ ഇംഗ്ലിഷ് ഭാഷ പഠിപ്പിക്കുന്നതിനായി പ്രത്യേകം തസ്തികയോ അധ്യാപകരോ ഉണ്ടായിരുന്നില്ല. ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, ഗണിതം അധ്യാപകരാണ് ഇംഗ്ലീഷ് കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ഇംഗ്ലീഷിന്റെ പിരീയഡ് കൂടി കണക്കിലെടുത്താണ് 1:1:1 എന്ന അനുപാതത്തിൽ എച്ച്.എസ്.എ. ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതം അധ്യാപകരുടെ തസ്തികകൾ അനുവദിച്ചിരുന്നത്.

ഇംഗ്ലീഷ് പഠനത്തിന്റെ ഗുണനിലവാരം ഉറപ്പാക്കാൻ യോഗ്യതയുള്ള ഭാഷാധ്യാപകർ വേണം എന്ന കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ് ഇംഗ്ലീഷ് ഭാഷാധ്യാപക തസ്തിക പ്രത്യേകമായി 07.01.2002-ലെ സർക്കാർ ഉത്തരവ് (എം.എസ്)നമ്പർ 11/02/പൊ.വി.വ. പ്രകാരം സൃഷ്ടിച്ചത്. ഇത് പ്രകാരം ഗണിതം, സാമൂഹ്യ ശാസ്ത്രം, ശാസ്ത്രം ഇംഗ്ലീഷ് എന്നിവക്ക് 1:1:1:1 എന്ന അനുപാതത്തിലാണ് അധ്യാപക തസ്തികകൾ അനുവദിക്കേണ്ടത്. ഈ ഉത്തരവ് കേരള ഹൈക്കോടതി സ്റ്റേ ചെയ്യുകയുണ്ടായി. അതിനാൽ 2002-03 ലും മുൻകാലങ്ങളിൽ അനുവദിച്ച പ്രകാരമാണ് തസ്തികകൾ അനുവദിച്ചത്. 16.11.2002-ൽ ഹൈക്കോടതി സ്റ്റേ ഉത്തരവ് നീക്കുകയും 07.01.2002-ലെ ഉത്തരവ് അംഗീകരിക്കുകയുമുണ്ടായി. അതിൻപ്രകാരം 2003-04 മുതൽ ഇംഗ്ലീഷിന് പ്രത്യേകം അധ്യാപകരെ നിയമിക്കേണ്ടതുണ്ട്. എന്നാൽ 16.11.02-ന് മുമ്പ് നിയമിക്കപ്പെടുകയും അംഗീകാരം ലഭിക്കുകയും ചെയ്ത അധ്യാപകർക്ക് ഇംഗ്ലീഷിന് പ്രത്യേക തസ്തിക അനുവദിച്ചതുമൂലം തസ്തിക നഷ്ടപ്പെടുന്ന അവസ്ഥ ഒഴിവാക്കാൻ പ്രത്യേകം സംരക്ഷണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇങ്ങനെയുള്ള എച്ച്.എസ്.എ. ഗണിതം, ശാസ്ത്രം, സാമൂഹ്യശാസ്ത്രം അധ്യാപകർ റിട്ടയർ ചെയ്യുകയോ, രാജി വെക്കുകയോ മരണപ്പെടുകയോ മൂലമുണ്ടാകുന്ന ഒഴിവുകൾ എച്ച്.എസ്.എ.ഇംഗ്ലീഷ്

അധ്യാപകരെക്കൊണ്ട് നികത്തേണ്ടതാണ്. എന്നാൽ 16.11.02 ന് മുമ്പ് ഹ്രസ്വകാല ഒഴിവുകളിൽ നിയമനം നേടി അംഗീകാരം ലഭിച്ചതുമൂലം ഭാവി ഒഴിവുകളിൽ നിയമനത്തിന് അർഹതനേടിയ നിരവധി ഗണിതം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം അധ്യാപകർ അവരുടെ വിഷയങ്ങളിൽപ്പെട്ട അധ്യാപകർ വിരമിക്കുന്നതുമൂലവും മറ്റും ഭാവിയിൽ ഒഴിവുകൾ വരുമ്പോൾ, ആ ഒഴിവുകൾ ഇംഗ്ലീഷ് അധ്യാപകരെകൊണ്ട് നികത്തണം എന്ന വ്യവസ്ഥകാരണം നിയമനം ലഭിക്കാതെ പുറത്തു നിൽക്കുന്ന അവസ്ഥ ഉണ്ടായിട്ടുണ്ട്. പല മാനേജർമാരും ഇപ്രകാരം ഹ്രസ്വകാലം ജോലി ചെയ്ത് റൂൾ 51 എ അവകാശം സിദ്ധിച്ച അധ്യാപകരെ ഭാവി ഒഴിവുകളിൽ നിയമിക്കുകയുണ്ടായി. പ്രസ്തുത അധ്യാപകർ നിയമനാംഗീകാരം ലഭിക്കാതെ ഇന്നും സർവ്വീസിൽ തുടരുന്നു. ഇതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ ഹൈക്കോടതിയിൽ നിലനിൽക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ, 07.01.2002-ലെ ഉത്തരവ് 16.11.2002-ൽ കോടതി അംഗീകരിക്കുന്നതിന് മുമ്പ് ജോലിയിൽ പ്രവേശിച്ച് 51 എ അവകാശം സ്ഥാപിച്ച അധ്യാപകരുടെ തുടർ നിയമനം അംഗീകരിക്കണമെന്ന ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 16.11.2002-ന് മുമ്പ് നിയമനം നേടി കെ.ഇ.ആർ. അദ്ധ്യായം XIV A ചട്ടം 51 എ അവകാശം ലഭിച്ച, എച്ച്.എസ്.എ. കോർ സബ്ജക്ട് അധ്യാപകർക്ക് 16.11.2002-നു ശേഷം വന്ന ഒഴിവുകളിൽ നിയമനത്തിന് 7.1.2002-ന് മുൻപ് ഉണ്ടായിരുന്ന വിഷയാനുപാത പ്രകാരം അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ ഇപ്രകാരം നിയമനാംഗീകാരം നൽകുമ്പോൾ നിലവിൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപകരെ ദോഷകരമായി ബാധിക്കാൻ പാടില്ല.

ഈ വിഷയത്തിൽ തീർപ്പാക്കാനുള്ള നിയമനാംഗീകാരം സംബന്ധിച്ച അപേക്ഷകളിന്മേൽ അപ്പലേറ്റ് ഉത്തരവുകൾക്ക് കാക്കാതെ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ജെയിംസ് വർഗ്ഗീസ്**
**ഗവൺമെന്റ് സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ഡി.ഡി.ഇ.മാർക്കും, ഡി.ഇ.ഒ.മാർക്കും, എ.ഇ.ഒ.മാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ